(സി) ഉണ്ട്. അട്ടത്തോട് ഗവണ്മെന്റ് ട്രൈബൽ എൽ. പി. സ്കൂൾ പ്രവർത്തനം ആരംഭിക്കുന്ന വിവരം എസ്.റ്റി പ്രൊമോട്ടർവഴി വ്യാപകമായ പ്രചാരണം നടത്തുകയും, പരിസര പ്രദേശങ്ങളിലെ പട്ടികവർഗ്ഗക്കാരായ എല്ലാ കുട്ടികളെയും ടി സ്കൂളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വനമേഖലകളിൽ ഒറ്റപ്പെട്ട് കിടക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിലെയും വിദൂര പട്ടികവർഗ്ഗ കോളനികളിലെയും കുടുംബങ്ങളിലെ കുട്ടികൾക്ക് സ്കൂളുകളിൽ പോയി പഠിക്കുന്നതിനുള്ള യാത്രാസൗകര്യം ഒരുക്കുന്ന ഗോത്രസാരഥി പദ്ധതിപ്രകാരം ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവ വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

ആദിവാസികളുടെ സ്ഥിതിവിവര കണക്കുകൾ

301 (649) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഏതെല്ലാം ഫാമുകളിൽ വനാവകാശ നിയമം അനുസരിച്ച് കൈവശരേഖകൾ നൽകിയെന്ന് വിശദീകരിക്കാമോ ;

(ബി) ആറളം ഫാമിങ്ങ് കോർപ്പറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പട്ടികവർഗ്ഗ ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) 2014-15 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച സംസ്ഥാനത്തെ ആദിവാസികളുടെ സ്ഥിതിവിവരകണക്കുകളുടെ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ) വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫാമുകളിൽ കൈവശരേഖ നൽകിയിട്ടില്ല.

(ബി) ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014-15 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ ആദിവാസികളുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചിട്ടില്ല

പട്ടികവർഗ്ഗക്ഷേമത്തിനായുള്ള ബഡ്ജറ്റ് ശീർഷകം

302 (650) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തികവർഷം പട്ടികവർഗ്ഗക്ഷേമത്തിനായുള്ള ബഡ്ജറ്റ് ശീർഷകത്തിൽ ഏതെല്ലാം ഇനങ്ങൾക്കാണ് വകയിരുത്തിയ തുകയിലും അൻപത് ശതമാനത്തിൽ താഴെ മാത്രം ചെലവഴിച്ചത് ; ആയതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) ഇതുവഴി പട്ടികവർഗ്ഗക്കാർക്കു ലഭിക്കേണ്ട പല പദ്ധതികൾക്കും വേണ്ടത്ര തുക ചെലവഴിക്കാത്തതു മൂലം അവർ ദുരിതത്തിലാണ് ജീവിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഇത് വീഴ്ചയായി കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പട്ടികവർഗ്ഗ ക്ഷേമത്തിനായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക മുഴുവനായും ചെലവഴിക്കുന്നുണ്ട്.

(സി) ബാധകമല്ല.

അട്ടപ്പാടിയിലെ ശിശുമരണം

303 (651) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം അട്ടപ്പാടിയിൽ എത്ര ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇതിന്റെ കാരണങ്ങൾ പ്രത്യേകമായി അന്വേഷിച്ചു കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly